14
തിങ്കൾ
2018 മെയ്
1193 മേടം 31

# മക്തബ്

www.makthabdaily.com



intel ELECTRONICS
ഇലക്ട്രോണിക്സ് ത്രാസ്
സെയിൽസ് & റിപ്പയറിംഗ് സെന്റർ
(ഗവ. അംഗീകൃതം)
Near Post Office, New Bazar
ആലക്കോട്
9495 80 22 84, 0460 2256 246





## വയൽക്കിളികളെ പാർട്ടിശത്രുക്കളായി കണക്കാക്കി സാമൂഹ്യ മാധ്യമങ്ങളിൽ വിമർശിക്കുന്നവർക്കെതിരെ പി.ജയരാജൻ

കണ്ണൂർ: കീഴാറ്റൂർ സമരത്തിൽ അണിനിരന്ന ആളുകളെ മുഴുവൻ പാർട്ടി ശത്രുക്കളായി കണക്കാക്കിക്കൊണ്ട് സാമൂഹ്യമാധ്യമങ്ങളിലും മറ്റും പ്രതികരണങ്ങൾ നടത്തുന്നവരെ സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജൻ. ഇത് അംഗീകരിക്കുന്ന സമീപനമല്ലെന്ന് അദ്ദേഹം തന്റെ ഫെയ്സ് ബുക്ക് പേജിൽ പ്രതികരിച്ചു.

കീഴാറ്റൂർ ബൈപ്പാസ് വിരുദ്ധ സമരം നടത്തിയവരുമായി സി.പി.എം രഹസ്യ ചർച്ച നടത്തിയെന്നാണ് ചില മാധ്യമങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ വാർത്ത നൽകിയത്. ഇതിൽ യാതൊരു രഹസ്യവുമില്ല. പാർട്ടി തുടർച്ചയായി എടുക്കുന്ന സമീപനം തന്നെയാണിത്. കീഴാറ്റൂർ പ്രദേശത്ത് സമരത്തിൽ ഏർപ്പെട്ടവർ പാർട്ടിയുടെ ഭാഗമായി നിന്നവരാണ്. അവർക്ക് നാഷണൽ ഹൈവേ ബൈപ്പാസ് അലൈൻമെന്റ് കീഴാറ്റൂർ വഴിയാവരുത് എന്ന അഭിപ്രായമാണ് ഉണ്ടായിരുന്നത്. ഇക്കാര്യത്തിൽ പാർട്ടിക്ക് വ്യത്യസ്തമായ നിലപാടാണുള്ളത്. ബൈപ്പാസ് അലൈൻമെന്റ് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അതോറിറ്റിയാണ്. അലൈൻമെന്റ് നിശ്ചയിച്ചിരുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന ഉത്തരവാദിത്വമാണ് സംസ്ഥാന സർക്കാരിനുള്ളത്. അതിന്റെ ഭാഗമായി ജില്ലയിലെ സർവ്വേ പ്രവർത്തനങ്ങൾ എതിർപ്പുകൾ മറികടന്ന് പൂർത്തീകരിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് ലോങ്ങ്മാർച്ച് നടത്തുമെന്ന പ്രഖ്യാപനമുണ്ടായത്.

അങ്ങനെ കീഴാറ്റൂരിൽ ഒതുങ്ങിനിന്ന സമരത്തെ സംസ്ഥാന വ്യാപകമായി ഉയർത്താനാണ് ആസൂത്രണം ഉണ്ടായത്. ഈഘട്ടത്തിലാണ് കഴിഞ്ഞ കാലത്ത് നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി പാർട്ടി ഇടപെട്ടത്.... കീഴാറ്റൂർ സമരം ലോങ്ങ്മാർച്ച് ആകുന്നതോടെ ആർ.എസ്.എസ്–ഇസ്ലാമിക് തീവ്രവാദ ശക്തികൾക്ക് പൂർണ്ണ നിയന്ത്രണം ലഭിക്കും. ഇക്കാര്യമാണ് ഒടുവിലും പാർട്ടി ചൂണ്ടിക്കാണിച്ചത്. പാർട്ടിയുടെ ഈ അഭിപ്രായത്തോട് യോജിക്കുമ്പോൾ തന്നെ സമരം നടത്തിയവർക്ക് വയൽവഴിയുള്ള ബൈപ്പാസ് അലൈൻമെന്റ് മാറ്റണമെന്ന അഭിപ്രായമാണുള്ളത്. ലോങ്ങ്മാർച്ച് തൽക്കാലം എങ്കിലും മാറ്റിവെക്കാൻ അവർ തയ്യാറായിരുന്നു. ഇത് നല്ല സൂചനയായി കണക്കാക്കുന്നു.

ഇങ്ങനെ ചർച്ച നടത്തിയതിനെ കുറ്റപ്പെടുത്തിയ ചിലരെങ്കിലും ഉണ്ട്. അവരിൽ ചിലർ സമരത്തിൽ അണിനിരന്ന ആളുകളെ മുഴുവൻ പാർട്ടി ശത്രുക്കളായി കണക്കാക്കിക്കൊണ്ട് സാമൂഹ്യമാധ്യമങ്ങളിലും മറ്റും പ്രതികരണങ്ങൾ നടത്തുന്നുണ്ട്. ഇത് പാർട്ടി അംഗീകരിക്കുന്ന സമീപനമല്ല. എന്തുകൊണ്ടെന്നാൽ അവരിൽ പലർക്കും ബൈപ്പാസ് പ്രശ്നത്തിലൊഴികെ സി.പി.എം കൈക്കൊള്ളുന്ന രാഷ്ട്രീയ സമീപനങ്ങളോട് തികഞ്ഞ യോജിപ്പുണ്ട്. അതിന്റെ ഫലമായാണ് സമരത്തെ വർഗീയ തീവ്രവാദ ശക്തികൾ കൈയടക്കുന്നതിനെതിരായ ഉറച്ച നിലപാട് അവർ സ്വീകരിച്ചത്. ഇതിനെ പ്രോൽസാഹിപ്പിക്കുകയാണ് വേണ്ടത്. തെറ്റായ സമീപനം തിരുത്തിക്കുന്നതിന് പകരം ശത്രുപാളയത്തിലെത്തിക്കുന്ന പ്രതികരണങ്ങൾ ഒരിക്കലും പാർട്ടിക്ക് ഗുണകരമാവില്ലെന്ന് ജയരാജൻ ചൂണ്ടിക്കാണിച്ചു.

## കലാശാല ബാബു അന്തരിച്ചു



എറണാകുളം: മലയാള സിനിമയിൽ വില്ലൻ, സ്വഭാവ നടനത്തിന് പുതിയ ഭാവം പകർന്ന പ്രമുഖ നടൻ കലാശാല ബാബു (68) അന്തരിച്ചു. മസ്തിഷ്കാഘാതത്തെ തുടർന്ന് ഇന്നലെ അർദ്ധരാത്രി എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലായിരുന്നു അന്ത്യം. കുറച്ചുകാലമായി രോഗബാധിതനായി ചികിത്സയിലായിരുന്നു.

പ്രശസ്ത കഥകളി ആചാര്യൻ കലാമണ്ഡലം കൃഷ്ണൻ നായരുടെയും മോഹിനിയാട്ടത്തിന്റെ മാതാവ് എന്ന് അറിയപ്പെടുന്ന കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെയും മകനായ ബാബു നാടകവേദികളിലൂടെയാണ് അരങ്ങത്തെത്തിയത്. ഇണയെത്തേടി എന്ന ചിത്രത്തിലൂടെ സിനിമയിലെത്തിയെങ്കിലും അരങ്ങേറ്റം വിജയകരമല്ലാതിരുന്നതിനാൽ നാടകത്തിലേക്ക് തന്നെ മടങ്ങി. തുടർന്ന് സീരിയലുകളിൽ ശ്രദ്ധേയ വേഷം ചെയ്തു. ലോഹിതദാസിന്റെ കസ്തൂരിമാനിലെ തീവിഴുങ്ങി ലോനപ്പൻ മുതലാളിയായി സിനിമയിലേക്കുള്ള രണ്ടാംവരവിൽ ശ്രദ്ധ പിടിച്ചുപറ്റി. ഇരുത്തംവന്ന വില്ലൻ, കണിശക്കാരനായ കാരണവർ തുടങ്ങിയ വേഷങ്ങളിലൂടെ സിനിമാ പ്രേമികൾക്ക് പരിചിതനായി. എന്റെ വീട് അപ്പുവിന്റെയും, തൊമ്മനും മക്കളും, റൺവേ, ബാലേട്ടൻ, പെരുമഴക്കാലം, തുറുപ്പുഗുലാൻ, പച്ചക്കുതിര, ചെസ്, പോക്കിരിരാജ, മല്ലുസിംഗ് തുടങ്ങി അമ്പതിലേറെ സിനിമകളിൽ അഭിനയിച്ചു. ഭാര്യ: ലളിത. മക്കൾ: ശ്രീദേവി (അമേരിക്ക), വിശ്വനാഥൻ (അയർലന്റ്). മരുമകൻ: ദീപു (കമ്പ്യൂട്ടർ എഞ്ചിനീയർ, അമേരിക്ക)

## സി.പി.എം നേതാവ് ബാബുവിന്റെ കൊല

# മൂന്ന് ആർ.എസ്.എസ് പ്രവർത്തകർ അറസ്റ്റിൽ

തലശേരി: സി.പി.എം പള്ളൂർ ലോക്കൽ കമ്മിറ്റിയംഗം കണ്ണിപ്പൊയിൽ ബാബുവിനെ കൊലപ്പെടുത്തിയ കേസിൽ 3 ആർ.എസ്.എസ്. പ്രവർത്തകരെ പള്ളൂർ പോലീസ് അറസ്റ്റ് ചെയ്തു. ചെണ്ടയാട് വെള്ളങ്ങലിലെ ജെറിൻ സുരേഷ് (28), ഈസ്റ്റ് പള്ളൂരിലെ നിജേഷ് (35), പന്തക്കലിലെ ശരത്ത്(25) എന്നിവരാണ് പിടിയിലായത്. കോടതിയിൽ ഹാജരാക്കിയ മൂന്നുപേരെയും രണ്ടാഴ്ചത്തേക്ക് റിമാന്റ് ചെയ്തു.

കൊലപാതകത്തിൽ നേരിട്ട് പങ്കാളികളായവരല്ല പിടിയിലായത്. കൊലയാളികൾക്ക് സൗകര്യം ഒരുക്കിക്കൊടുക്കുകയും ഗൂഢാലോചനകളിൽ പങ്കാളികളാവുകയും ചെയ്തുവെന്നാണ് ഇവർക്കെതിരെയുള്ള കുറ്റം. അതേ സമയം ആറ് ആർ.എസ്.എസ്. പ്രവർത്തകർ പോലീസ് കസ്റ്റഡിയിൽ ഉണ്ട്. ഇവരെ ചോദ്യം ചെയ്തുവരികയാണ്. ഇവരിൽ ചിലരുടെ അറസ്റ്റ് ഇന്ന് വൈകുന്നേരത്തോടെ രേഖപ്പെടുത്തുമെന്നാണ് സൂചന. കൊലപാതകത്തിൽ നേരിട്ട് പങ്കാളികളായവരെ അന്വേഷണ സംഘം തിരിച്ചറിഞ്ഞിട്ടുണ്ട്.

ഇരട്ടക്കൊലയെ തുടർന്ന് പള്ളൂരിലും പരിസരപ്രദേശങ്ങളിലും അരങ്ങേറിയ അക്രമ സംഭവങ്ങളിൽ പങ്കാളികളായ നിരവധി പേരെയും അന്വേഷണ സംഘം തിരിച്ചറിഞ്ഞിട്ടുണ്ട്. മുന്നൂറോളം പ്രതികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട് അടുത്ത ദിവസങ്ങളിൽ ഇവരിൽ ചിലരും പിടിയിലാകും.

പിടിയിലായ ജെറിൻ സുരേഷിന്റെ വിവാഹം ഇന്നലെ നടക്കേണ്ടതായിരുന്നു. ഇന്നലെ പുലർച്ചെ സുഹൃത്തുക്കൾക്കൊപ്പം തൊട്ടടുത്ത വീട്ടിൽ കിടന്നുറങ്ങുമ്പോൾ ജെറിൻ സുരേഷിനെ അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തിരുന്നു.

(ശേഷം നാലാം പേജിൽ)

## നാടോടി ബാലികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസ്; പോലീസിനെ കുരുക്കിലാക്കി ലോക്കപ്പിന് മുന്നിലെ പ്രതിയുടെ ഫോട്ടോ

പയ്യന്നൂർ: അമ്മയോടൊപ്പം കിടന്നുറങ്ങുകയായിരുന്ന നാടോടി ബാലികയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ പ്രതിയെ രക്ഷപ്പെടാൻ പോലീസ് അനുവദിച്ചതിന് തെളിവായി ലോക്കപ്പിന് മുന്നിൽ പ്രതി ഇരിക്കുന്ന ഫോട്ടോ പുറത്തുവന്നു.

കഴിഞ്ഞ പത്തിന് പുലർച്ചെ 1.30ഓടെയാണ് കേസിനാസ്പദമായ സംഭവം നടന്നത്. പയ്യന്നൂർ പുതിയ ബസ്സ്റ്റാന്റിനടുത്ത സ്റ്റേഡിയത്തിലെ പാർക്കിംഗ് ഷെഡിൽ മാതാപിതാക്കൾക്കൊപ്പം ഉറങ്ങിക്കിടക്കുകയായിരുന്ന ഏഴ് വയസുകാരിയെ തട്ടിക്കൊണ്ടുപോയാണ് പീഡിപ്പിക്കാൻ ശ്രമിച്ചത്. ബഹളം കേട്ട് നാടോടി കുടുംബം ഞെട്ടി ഉണരുകയും പയ്യന്നൂർ പോലീസ് സ്റ്റേഷന് സമീപം താമസിക്കുന്ന പി.ടി. ബേബിരാജ് (26)നെ കയ്യോടെ പിടികൂടുകയും ചെയ്തു. ഇയാളെ പോലീസിൽ ഏൽപ്പിച്ചു. തലക്ക് പരിക്കേറ്റ ബേബിരാജിനെ പയ്യന്നൂർ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അവിടെ നിന്ന് രക്ഷപ്പെടുകയായിരുന്നു. ഇത്രയും പ്രമാദമായ ഒരു കേസിലെ പ്രതിക്ക് ആശുപത്രിയിൽ പോലീസ് കാവൽ ഏർപ്പെടുത്തിയിരുന്നില്ല. ഇവിടെ നിന്ന് ഇയാൾ രക്ഷപ്പെടുകയായിരുന്നു. അതിന് ശേഷം കേസൊതുക്കാൻ ഒത്തുതീർപ്പ് ചർച്ച നടന്നു. ഇതിന്റെ ഭാഗമായി ബേബി



*നാടോടി ബാലികയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിലെ പ്രതി ബേബിരാജ് ലോക്കപ്പിന് മുന്നിൽ*

രാജ് പോലീസ് സ്റ്റേഷനിൽ എത്തിയിരുന്നു. സ്റ്റേഷന് പുറത്ത് ഒരു അഭിഭാഷകൻ മുഖേന ഒത്തുതീർപ്പ് ചർച്ച നടന്നു. ഒരു ലക്ഷം രൂപ നൽകാമെന്ന് പറഞ്ഞ് പ്രശ്നം ഒത്തുതീർക്കുകയായിരുന്നു. ഇക്കാര്യമൊക്കെ അതാത് സമയം പയ്യന്നൂർ പോലീസിന് അറിയാമായിരുന്നു. അതിന് ശേഷം 50,000രൂപയുടെ ചെക്ക് നാടോടി കുടുംബത്തിന് നൽകുകയായിരുന്നു. ഇത് വണ്ടിച്ചെക്കാണെന്ന് തിരിച്ചറിഞ്ഞതോടെ പ്രശ്നത്തിൽ ചിലർ ഇടപെട്ടു. പ്രദേശത്തെ സി.പി.എം- ഡി.വൈ.എഫ്.ഐ നേതാക്കൾ നാടോടി കുടുംബത്തോടൊപ്പം എത്തി പയ്യന്നൂർ പോലീസിൽ പരാതി നൽകുകയായിരുന്നു. ഇതേ തുടർന്നാണ് പോക്സോ നിയമപ്രകാരം കേസെടുത്തത്. അപ്പോഴേക്കും ബേബി രാജ് രക്ഷപ്പെട്ടിരുന്നു.

രക്ഷപ്പെട്ട ബേബിരാജ് ബാംഗ്ലൂരിൽ ഉണ്ടെന്നാണ് സൂചന. ഒത്തുതീർപ്പിന് നേതൃത്വം നൽകിയ പൗരസമിതി നേതാവ് കൂടിയായ അഭിഭാഷകനും ബംഗ്ളൂരുവിൽ ഉണ്ടെന്ന് വ്യക്തമായിട്ടുണ്ട്. ബേബിരാജിന്റെ മൊബൈൽ ഫോൺ സ്വിച്ചോഫ് ചെയ്ത നിലയിലാണെങ്കിലും അഭിഭാഷകന്റെ മൊബൈൽ ഫോൺ ബംഗ്ളൂരു ലൊക്കേഷനാണ് കാണിക്കുന്നത്. ഇത് കേന്ദ്രീകരിച്ചാണ് അന്വേഷണം നടക്കുന്നത്.

## കർണ്ണാടക തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മോദി തനിനിറം കാട്ടി; ഇന്ധന വില കൂട്ടി

കണ്ണൂർ: കർണ്ണാടക തിരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ കേന്ദ്രസർക്കാർ തനിനിറം കാട്ടി. തിരഞ്ഞെടുപ്പ് പ്രമാണിച്ച് 19 ദിവസമായി എണ്ണവില കൂട്ടിയിരുന്നില്ല. തിരഞ്ഞെടുപ്പ് പ്രമാണിച്ച് കേന്ദ്രസർക്കാർ എണ്ണ കമ്പനികളോട് തൽക്കാലം വില വർദ്ധിപ്പിക്കരുതെന്ന് രഹസ്യമായി ആവശ്യപ്പെട്ടിരുന്നു. ഇത് ശിരസാവഹിച്ചാണ് വർദ്ധന നിർത്തിവെച്ചത്. ഇന്ന് പെട്രോളിന് 22 പൈസയും ഡീസലിന് 17 പൈസയും കൂട്ടിക്കൊണ്ടാണ് കൊള്ളക്ക് തുടക്കമിട്ടത്. പെട്രോളിന് 77.84ഉം ഡീസലിന് 70.88നും ആണ് ഇന്നത്തെ കണ്ണൂരിലെ വില. അടുത്ത 10 ദിവസം തുടർച്ചയായി എണ്ണവില വർദ്ധിച്ച് ജനങ്ങളെ പിഴിയാൻ സർക്കാർ എണ്ണക്കമ്പനികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രത്യേക അറിയിപ്പൊന്നും നൽകാതെ പ്രതിദിനം എണ്ണവില വർദ്ധിപ്പിക്കാൻ കമ്പനികൾക്ക് കേന്ദ്രസർക്കാർ അനുവാദം നൽകിയിരുന്നു. കർണ്ണാടക തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ എണ്ണവില വർദ്ധിപ്പിക്കുമെന്നു പ്രതിപക്ഷവും ജനങ്ങളും പറഞ്ഞപ്പോൾ അവരെ പുച്ഛിച്ച ബി.ജെ.പി നേതാക്കൾ ഇപ്പോൾ പ്രതികരിക്കുന്നത് പോലുമില്ല. നേരത്തെ പൂട്ടിയ അംബാനിയുടെ റിലയൻസ് പെട്രോൾ പമ്പുകൾ മുഴുവൻ ഇതിനകം തുറന്നിട്ടുണ്ട്. സർക്കാർ പൊതുമേഖലയിലെ പെട്രോൾ പമ്പിലേതിനെക്കാൾ ഒരു രൂപ കുറച്ചാണ് ഇവിടെ പെട്രോളും ഡീസലും വിൽക്കുന്നത്. കേന്ദ്രസർക്കാരിന്റെ പുതിയ നയം കാരണം ശതകോടികളാണ് റിലയൻസിന് പ്രതിദിനം ലാഭം ലഭിക്കുന്നത്.

ADMISSION STARTED FOR MOST DEMANDED PARAMEDICAL COURSES
B.Sc.In Dialysis Technology, Anastasia, Imagine Technology, Operation Theatre Technology, Optometry, MLT, Perfusion Technology, Respiratory Technology, Radiotherapy, Neuroscience, Cardiac care Technology, B.Pharm, Pharm.D
NO DONATION
SCHOLARSHIP
BANK LOAN FACILITY
FREE INTERNSHIP
Future is here 7994213470

സ്കൂൾ ബാഗുകൾക്ക്

1 YEAR Service WARRANTY
SUNDAY OPEN
BAG CENTRE
KUTTUKKAN COMPLEX. N.H. TALIPARAMBA

Bright for Better Future
ബ്രൈറ്റ് കോളേജ്
ഹൈവേ പള്ളിക്ക് എതിർവശം, ന്യൂ ബസാർ, തളിപ്പറമ്പ
Ph: 9446 262 698, 9400 446813, 8301962329
കോഴ്സുകൾ B.Com, BA, +1,+2
പ്രീ പ്രൈമറി & മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിംഗ്
ഗവ. അംഗീകൃതം
TUITION FOR ALL CLASSES
14 തികഞ്ഞ ആർക്കും SSLC
(5 വിഷയങ്ങൾ മാത്രം)
6 മാസം കൊണ്ട് +2
(മലയാളത്തിലും എഴുതാം)
അഡ്മിഷൻ തുടരുന്നു
ഈ വർഷം പ്ലസ്ടു തോറ്റവർക്ക് 3 വിഷയങ്ങൾ മാത്രം പഠിച്ച് +2 പാസ്സാകാം